# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER | 30 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**സന്നിധാനത്ത് പുതിയ പോലീസ് ബാച്ച് ചുമതലയേറ്റു**

ശബരിമല സന്നിധാനത്ത് പോലീസ് സേനയുടെ പുതിയ ബാച്ച് തിങ്കളാഴ്ച സേവനം ആരംഭിച്ചു. മണ്ഡലകാലത്തിന്റെ ആരംഭത്തിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ആദ്യബാച്ച് സേവന കാലാവധി പൂർത്തിയായി മടങ്ങിയതിനെ തുടർന്നാണ് പുതിയ ബാച്ച് എത്തിയത്.
ഒരു ഡിവൈഎസ്പി, മൂന്നു സർക്കിൾ ഇൻസ്പെക്ടർമാർ, എസ്ഐ, എഎസ്ഐ റാങ്കിലുള്ള 26 പേർ, 124 സിവിൽ പോലീസ് ഓഫീസേഴ്സ്, 13 ആന്ധ്ര പോലീസ് ഓഫീസേഴ്സ് അടക്കം 167 പേരാണ് പുതിയതായി ഡ്യൂട്ടിക്ക് എത്തിയത്.
ആലപ്പുഴ ക്രൈം ബ്രാഞ്ച് എസ്പിയായ പ്രശാന്തൻ കാണി സ്പെഷ്യൽ പൊലീസ് ഓഫീസർ ആയി ചുമതലയേറ്റു.
ചുമതല പൂർത്തിയാക്കി മടങ്ങുന്ന സ്പെഷൽ പൊലീസ് ഓഫീസർ ബി. കൃഷ്ണകുമാർ കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട അനുഭവപാഠങ്ങൾ രണ്ടാം ഘട്ടം ഡ്യൂട്ടിയിൽ പ്രവേശിച്ചവരുമായി പങ്കുവച്ചു. പുതുതായി എത്തിയവർക്ക് താമസിക്കാൻ പുതിയ ബാരക്കുകളും ഒന്നിടവിട്ട ബെഡുകളും അധികൃതർ ഒരുക്കിയിട്ടുണ്ട്. ഡ്യൂട്ടി പൂർത്തിയാക്കിയവരുടെ താമസസ്ഥലങ്ങൾ അണുവിമുക്തമാക്കും. കഴിഞ്ഞ ബാച്ചിലെ നാലു പേർക്ക് കോവിഡ് പോസിറ്റീവ് ആയെങ്കിലും ആശങ്ക പെടേണ്ട സാഹചര്യമില്ലെന്നും

ആവശ്യമായ മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്നും സ്പെഷ്യൽ പോലീസ് ഓഫീസർ പറഞ്ഞു.

**(പി .ആര്‍. ശബരി -61)**

***ഫോട്ടോ അടിക്കുറിപ്പ്- പോലീസ്-***

ശബരിമല സന്നിധാനത്ത് പോലീസ് സേനയുടെ പുതിയ ബാച്ച് തിങ്കളാഴ്ച ചുമതലയേൽക്കുന്നു..

.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | | |
|---|---|---|
| നവംബർ<br>NOVEMBER | 30 | 2020 |

## ശബരിമല പത്രക്കുറിപ്പ്–2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


**തീർഥാടകർ സുരക്ഷാ നിർദേശങ്ങൾ പാലിക്കണം: തന്ത്രി കണ്ഠരര് രാജീവര്**

ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകർ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് ശബരിമല തന്ത്രി കണ്ഠരര് രാജീവര് പറഞ്ഞു. ആരോഗ്യ പ്രവർത്തകരും മറ്റു സർക്കാർ വിഭാഗങ്ങളും നൽകുന്ന നിർദേശങ്ങൾ എല്ലാ തീർഥാടകരും പാലിക്കണം. സാമൂഹിക അകലം ഉറപ്പുവരുത്തേണ്ടതിനാൽ നെയ്യഭിഷേകം മുൻവർഷങ്ങളിലെ പോലെ നടത്താൻ കഴിയില്ല. ഭക്തരുടെ നെയ്തേങ്ങ ദേവസ്വം ജീവനക്കാർ വഴി അഭിഷേകം നടത്താനുള്ള സൗകര്യം ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

**(പി .ആർ. ശബരി -62)**

***ഫോട്ടോ അടിക്കുറിപ്പ്- തന്ത്രി കണ്ഠരര് രാജീവര്*** –
ശബരിമല തന്ത്രി കണ്ഠരര് രാജീവര്..

.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ / NOVEMBER | 30 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

ശബരിമല വിശേഷങ്ങൾ (01.12.2020)

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തൽ
5 ന്.... നട തുറക്കൽ
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
8 മണി മുതൽ 9 മണി വരെ ഉദയാസ്തമന പൂജ
11.30 ന് .....25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

.

**(പി .ആർ. ശബരി -63)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.